മഴവെള്ള സംഭരണി നിർമ്മാണം

22 (*382) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകൾക്ക് മഴവെള്ള സംഭരണി നിർമ്മാണത്തിന് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ജലസേചന വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം ധനസഹായമാണ് ഇതുവഴി നൽകിവരുന്നത് ;

(സി) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിന് ലഭിക്കുന്നതെന്നും പഞ്ചായത്തുകൾക്കുള്ള ധനസഹായത്തിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭകൾവഴി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പട്ടിക മുൻഗണനാക്രമത്തിൽ പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുന്നു. പ്രസ്തുത പട്ടിക പ്രകാരം കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായ മഴകേന്ദ്രം മുഖേന പതിനായിരം ലിറ്റർ മഴവെള്ളം ശേഖരിക്കാവുന്ന ഫെറോസിമന്റ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകുന്നു. പദ്ധതി നിർവ്വഹണ ത്തിനുള്ള ചെലവ് പൂർണ്ണമായും കെ.ആർ.ഡബ്ല്യു.എസ്.എ. നേരിട്ട് വഹിക്കുന്നു. ഒരു സംഭരണിയുടെ ഇപ്പോഴത്തെ നിർമ്മാണ ചെലവ് 39,500 രൂപ (നികുതികൾ പുറമെ) യാണ്. പ്രസ്തുത തുകയുടെ 5% തുക മാത്രം ബി.പി.എൽ. വിഭാഗം കുടുംബങ്ങളും 10% തുക മാത്രം എ.പിഎൽ.വിഭാഗം കുടുംബങ്ങളും ഗുണഭോക്തൃവിഹിതമായി നൽകിയാൽ മതി. ഗ്രാമപഞ്ചായത്തിന്റെയുടെ സഹകരണത്തോടെ തെരഞ്ഞെടുത്ത് നിയമിക്കുന്ന പരിചയസമ്പന്നരായ സന്നദ്ധ സംഘടനയുടെ സഹായത്തോടെയാണ് പദ്ധതി അതാത് ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തുകൾക്ക് യാതൊരു വിധത്തിലുള്ള സാമ്പത്തിക ബാധ്യതകളും ഉണ്ടാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായ മഴകേന്ദ്രം മഴവെള്ള സംഭരണം ഭൂജല പരിപോഷണം പരിപാടികൾക്ക് സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ അനുവദിക്കുന്ന സാമ്പത്തിക സഹായമാണ് ഉപയോഗിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് മഴകേന്ദ്രത്തിന് കേന്ദ്ര സഹായം ലഭിക്കുന്നില്ല. ഗ്രാമ പഞ്ചായത്തുകളെ താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പദ്ധതി സഹായത്തിനായി പരിഗണിക്കുന്നത്.

- കുടിവെള്ള ക്ഷാമത്തിന്റെ തീവ്രത നേരിടുന്ന ഗ്രാമപഞ്ചായത്തുകൾ
- ഗ്രാമപഞ്ചായത്തുകളുടെ കുടിവെള്ള വിതരണത്തിന്റെയും ലഭ്യതയുടെയും ഇപ്പോഴത്തെ കവറേജിന്റെ നിജസ്ഥിതി അമ്പത് ശതമാനത്തിൽ കുറവ് കവറേജുള്ള ഗ്രാമപഞ്ചായത്തുകൾക്ക് മുൻഗണന നൽകുന്നു.
- ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ കുടിവെള്ള വിതരണ പദ്ധതികളുടെ എണ്ണവും കാര്യക്ഷമതയും കുറവുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് കൂടുതൽ പരിഗണന നൽകുന്നു.
- മലയോര/തീരദേശ പഞ്ചായത്തുകളിൽ കുടിവെള്ള ക്ഷാമരൂക്ഷത കൂടുതൽ അനുഭവപ്പെടുന്നു. ആയതിനാൽ അത്തരം ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ പരിഗണന നൽകുന്നു.

ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതി

23 (*383) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയിൻകീഴിൽ ഒരുക്കിയിട്ടുള്ളത് ;

(ഡി) അനുയോജ്യമായ എല്ലാ സ്ഥലങ്ങളിലേക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly